പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3575 26.06.2012 ൽ മറുപടിയ്ക്ക്

ജലസംഭരണികളുടെ വൈദ്യുതി ഉല്പാദനശേഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി കെ.എസ്.സലീഖ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
| (എ) | ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട ജലസംഭരണികളിൽ 20-6-2012 ആകുമ്പോഴേയ്ക്കും എത്ര ദിവസം വൈദ്യുതി ഉല്പാദിപ്പിക്കാൻ ആവശ്യമായ വെള്ളം ഉണ്ടാകുമെന്നാണ്, വിലയിരുത്തയിരിക്കുന്നത്; | (എ) | പ്രതിദിനം 18 ദശലക്ഷം യൂണിറ്റ് വീതം ഉല്പാദിപ്പിച്ചാൽ 25 ദിവസത്തേക്കുള്ള വൈദ്യുതി ഉല്പാദനത്തിനുള്ള വെള്ളം ഉണ്ടാകുമെന്ന് കണക്കാക്കുന്നു. |
| (ബി) | എങ്കിൽ ഇതിൽ നിന്നും പരമാവധി എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | പരമാവധി 455.9 ദശലക്ഷം യൂണിറ്റ് വൈദ്യുതി (മില്ല്യൺ യൂണിറ്റ്) ഉല്പാദിപ്പിക്കുവാൻ കഴിയും. |
| (സി) | പ്രതിദിനം ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; | (സി) | 2012 ജൂൺ മാസം 19- തീയതി വരെയുള്ള കണക്ക് പ്രകാരം ജൂൺ മാസത്തെ പ്രതിദിന ശരാശരി ഉല്പാദനം 17.81 ദശലക്ഷം യൂണിറ്റാണ്. |

(...2)

(ഡി) സംസ്ഥാനത്ത് ഏതൊക്കെ ജലസംഭരണികളിൽനിന്നുമാണ് കെ.എസ്.ഇ.ബി.വൈദ്യുതി ഉല്പാദിപ്പിക്കുന്നതെന്നും പ്രസ്തുത സംഭരണികളിൽ നിന്നും പ്രതിദിനം എത്രയൂണിറ്റ് വൈദ്യുതി വീതമാണ് ഉല്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ?

(ഡി) 2012 ജൂൺ മാസം 19-ാം തീയതിവരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിലെ ഓരോ ജല സംഭരണികളിൽ നിന്നുമുള്ള ജലം ഉപയോഗിച്ച് ഉല്പാദിപ്പിച്ച വൈദ്യുതിയുടെ (ശരാശരി പ്രതിദിന ഉല്പാദനം) കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ